മെന്റ് ഓഫ് അക്കൗണ്ട്സും അവലോകനം ചെയ്യുകയും ബോർഡിന്റെ വാർഷിക ബഡ്ജറ്റിന് അംഗീകാരം നൽകുകയും ചെയ്യുന്നുണ്ട്.

കൂടാതെ, 5.8.1989-ൽ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ ഒരു വർക്ക്ഷോപ്പ് തൊഴിൽവകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കൂടുകയുണ്ടായി. ഈ യോഗത്തിൽ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനവും സാമ്പത്തികനിലയും പൊതുവിൽ വിലയിരുത്തുകയും ചെയ്തു.

(സി) ഉണ്ട്.

(ഡി) ക്ഷേമനിധികളുടെ പ്രവർത്തനം ഏകോപിപ്പിക്കുവാൻ സംസ്ഥാനതലത്തിൽ ഒരു ലേബർ അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു. ഇക്കാര്യം വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് മൂന്ന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികളുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

42 (208) ക്ഷേമനിധികളിൽ നിന്ന് നൽകുന്ന പെൻഷൻ

ശ്രീ. എം. മുരളി :

ശ്രീ. ജോർജ്. ജെ. മാത്യു :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നിലവിലുള്ള ക്ഷേമനിധികൾ ഏതെല്ലാമാണ്;

(ബി) ഈ നിധികളിൽ ഏതിനെല്ലാം പെൻഷൻ കൊടുക്കുവാനുള്ള വ്യവസ്ഥയുണ്ട്;

(സി) ഈ നിധികളിൽനിന്ന് നൽകുന്ന പെൻഷനിൽ കുടിശ്ശിക വന്നിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഓരോന്നിനും ക്ഷേമനിധിയിൽനിന്നും നൽകിവരുന്ന പെൻഷനിൽ എത്ര കാലത്തെ കുടിശ്ശിക ഇപ്പോൾ കൊടുത്തു തീർക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)(ബി),(സി)&(ഡി) വിവരം അനുബന്ധമായി ചേർക്കുന്നു.†

43 (209) കർഷകത്തൊഴിലാളി ക്ഷേമ നിധി ബോർഡ് നൽകുന്ന ആനുകൂല്യങ്ങൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമ നിധി ബോർഡിൽനിന്നും അംഗതൊഴിലാളികൾക്ക് ഇപ്പോൾ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം;

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

14.12.1990 നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 42 (208)

	ക്ഷേമനിധി	പെൻഷൻ വിതരണത്തിന് വ്യവസ്ഥ	പെൻഷൻ കുടിശ്ശിക
1	കേരളാ കള്ളുവ്യവസായത്തൊഴിലാളി ക്ഷേമനിധി	ഉണ്ട്	ഇല്ല
2	കേരളാ തൊഴിലാളി ക്ഷേമനിധി	ഇല്ല	ബാധകമല്ല
3	കേരളാ ചുമട്ടുതൊഴിലാളി ക്ഷേമ നിധി	ഉണ്ട്	ഇല്ല
4	കേരളാ മോട്ടോർത്തൊഴിലാളി ക്ഷേമ നിധി	ഇല്ല	ബാധകമല്ല
5	കേരള കൈത്തറിത്തൊഴിലാളി ക്ഷേമ നിധി	ഉണ്ട്	ഇല്ല
6	കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി	ഉണ്ട്	1998-ന് മുമ്പ് പിരിഞ്ഞുപോയ കശുവണ്ടി തൊഴിലാളികൾക്കായുള്ള പെൻഷൻ പദ്ധതി പ്രകാരം 1999 ഏപ്രിൽ മുതലുള്ള പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ട്
7	കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട്	ഉണ്ട്	ഇല്ല
8	കേരള അബ്കാരിത്തൊഴിലാളി ക്ഷേമ നിധി	ഉണ്ട്	ഇല്ല
9	കേരള കർഷകത്തൊഴിലാളി ക്ഷേമ നിധി	ഇല്ല	ബാധകമല്ല
10	കേരള തയ്യൽത്തൊഴിലാളി ക്ഷേമ നിധി	ഉണ്ട്	ഇല്ല
11	കേരള ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി	ഉണ്ട്	ഇല്ല
12	കേരള ഈറ്റ-തഴ കാട്ടുവള്ളിത്തൊഴിലാളി ക്ഷേമനിധി	ഉണ്ട്	ഇല്ല
13	കേരള കൈ തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമനിധി	ഇല്ല	ബാധകമല്ല
14	കേരള ഓട്ടോറിക്ഷ തൊഴിലാളി ക്ഷേമനിധി	ഇല്ല	ബാധകമല്ല

LIBRARY ARCHIVES Kerala Legislative Assembly